**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **30-07-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി. കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | എസ്.സി. കോർപ്പസ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും, ഇതിൽ 25.00 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലയിൽ നടപ്പിലാക്കണമെന്നും, ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ജില്ലാതലത്തിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ചും, പദ്ധതി നിർവ്വഹണത്തിന്റെ രീതി എപ്രകാരമായിരിക്കുമെന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകുകയും ലഭ്യമായ ഫണ്ടിന്റെ ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം മുൻവർഷങ്ങളിൽ ഏറ്റെടുത്തതും അതാതു സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കാ ത്തതുമായ 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേക്ക് ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ 25 ലക്ഷത്തിനു മുകളിലുള്ളതും 2/3 കോർപ്പസ് പദ്ധതിയിൽ ഉൾപ്പെട്ടതും മുൻവർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. മേൽ പ്രവൃത്തികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പുതലത്തിൽ മോണിറ്റിംഗ് നടത്തുകയും 31/12/2021 നകം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര കോടി രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്; ഒരു രൂപ പോലും വിനിയോഗിക്കാത്ത എത്ര പദ്ധതികളുണ്ട്; വ്യക്തമാക്കാമോ; | (ബി) | 1/3 കോർപ്പസ് ഫണ്ട് പ്രവൃത്തികളിലേക്ക് 20.00 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ജനസംഖ്യാനുപാതികമായി തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികളിലേക്ക് 1843.0594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2/3 കോർപ്പസ് പദ്ധതിയിൽ ഉൾപ്പെട്ടതും മുൻ വർഷങ്ങളിൽ ഏറ്റെടുത്തതുമായ സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 996.70158 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആനുപാതിക തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തു. കോർപ്പസ് ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു രൂപ പോലും വിനിയോഗിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു? | (സി) | എസ്.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായമായി 2019-20, 2020-21 കാലയളവിൽ അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

([illegible])

| ക്രമ നമ്പർ | പദ്ധതി | 2019-20 | | 2020-21 | |
|---|---|---|---|---|---|
| | | അനുവദിച്ച തുക | ചിലവഴിച്ച തുക | അനുവദിച്ച തുക | ചിലവഴിച്ച തുക |
| 1. | പ്രീമെട്രിക് സ്കോളർഷിപ്പ് | 22,00,00,000/- | 15,82,26,738/- | 22,00,00,000/- | 2,41,27,090 - |
| 2. | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് | 27,00,00,00,00/- | 2,07,24,69,071/- | 27,00,00,00,00/- | 3,34,61,19,662 |
| 3. | അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ് | 2,97,87,000/- | 1,83,88,824/- | 2,93,30,493/- | 2,41,27,090 - |
| 4. | ശുചീകരണ തൊഴിലാളികളുടെ മക്കൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് | 50,00,0000/- | 14,16,000/- | 24,93,000/- | 24,93,000 - |
| 5. | മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (വിഷൻ പദ്ധതി) | 90,00,0000/- | 57,86,000/- | 80,00,000/- | 37,40,000/- |
| 6. | +2 പഠനത്തിനു ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് | - | - | 73,44,000/- | 54,10,730/- |
| 7. | പ്രത്യേക പ്രോത്സാഹന സമ്മാനം | 65,00,000/- | 4,12,68,701/- | 6,81,31,000/- | 6,47,16,500/- |
| 8. | ബുക്ക് ബാങ്ക് പദ്ധതി | 79,30,700/- | 34,46,430/- | 40,00,000/- | 32,29,400/- |

28/5/21